"ഭരണഭാഷ മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

സംഗ്രഹം

വനം വന്യജീവി വകുപ്പ് - പാലപ്പിള്ളി-വന്യജീവി ആക്രമണത്തിൽ ആർ.ആർ.ടി. അംഗമായ ഹുസൈൻ ടി.കെ.യ്ക്ക് ജീവഹാനി സംഭവിച്ചത് -അന്വേഷണം- വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെ ടീം രൂപീകരിച്ച് ഉത്തരവാകുന്നത്-സംബന്ധിച്ച്

---

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.491/2022/F&WLD തീയതി, തിരുവനന്തപുരം, 10-11-2022

---

പരാമർശം:- 1. 12.10.2022- ൽ കേരള ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ സമർപ്പിച്ച നിവേദനം

ഉത്തരവ്

തൃശ്ശൂർ ജില്ലയിലെ പാലപ്പിള്ളിയിൽ ആർ.ആർ.ടി. അംഗമായ ഹുസൈൻ ടി.കെ.യ്ക്ക് ജീവഹാനി സംഭവിച്ചതുപോലെ വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നത് ഒഴിവാക്കാനായി വനം വകുപ്പ് ഉന്നത ഉദ്യോഗസ്ഥരുടെ സമിതി രൂപീകരിച്ച് പഠനവും അന്വേഷണവും നടത്തണമെന്ന് കേരള ഫോറസ്റ്റ് സ്റ്റാഫ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത നിവേദനം പരിശോധിച്ച സർക്കാർ, പ്രിൻസിപ്പൽ ചീഫ് കൺസേർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ഡെപ്യൂട്ടി ഡയറക്ടർ, ടൈഗർ റിസർവ്, പെരിയാർ (വെസ്റ്റ്) , ഡെപ്യൂട്ടി ഡയറക്ടർ, ടൈഗർ റിസർവ്, പറമ്പിക്കുളം, എന്നിവർ ഉൾപ്പെട്ട മൂന്നംഗ ടീം രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത ടീം, ആർ.ആർ.ടി. അംഗമായ ഹുസൈൻ ടി.കെ.യ്ക്ക് ജീവഹാനി സംഭവിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തുവാനും വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിക്കുന്നത് ഒഴിവാക്കുന്നത് സംബന്ധിച്ച് പഠനം നടത്തി ഒരു മാസത്തിനുള്ളിൽ റിപ്പോർട്ടും നിർദേശങ്ങളും സമർപ്പിക്കുന്നതിനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്ററ്

ഫോഴ്സ്

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ്

വൈൽഡ് ലൈഫ് വാർഡൻ,

ഡെപ്യൂട്ടി ഡയറക്ടർ, പറമ്പിക്കുളം പെരിയാർ ടൈഗർ റിസർവ്

ഡെപ്യൂട്ടി ഡയറക്ടർ, പെരിയാർ (വെസ്റ്റ്) ടൈഗർ റിസർവ്

ഐ & പി.ആർ.ഡി

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Shiju P Paul**
**Date: 10-11-2022 17:07:59**

സെക്ഷൻ ഓഫീസർ

പകർപ്പ് : വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്

വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ